LIBRARY ARCHIVES Kerala Legislative Assembly

ബണ്ടുകളും പൊട്ടി ഒഴുകിയുള്ള നാശം

49. [5] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയുടെ കിഴക്കുഭാഗത്തുകൂടി ഒഴുകി പ്പോകുന്ന കിള്ളിയാറു് വർഷകാലത്തു ബണ്ടുകളും പൊട്ടി ഒഴുകാറുള്ള ഒഴുക്കിൽ പ്പെട്ടു് പാങ്ങോടു്, ജഗതി, വലിയശാല, കിള്ളിപ്പാലം, കുര്യാത്തി തുടങ്ങിയ സ്ഥലങ്ങളിലെ പാർപ്പിടങ്ങൾക്കും, കൃഷിക്കും കഠിനമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായി ഗവണ്മെൻറിനു് അറിവു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻറെ പരിഹാരാർത്ഥം ബണ്ടുകളും സൈഡു വാളുകളും കെട്ടാൻ ഗവണ്മെൻറു ഇതിനകം എന്തെല്ലാം നടപടികളും എടുത്തി ട്ടുണ്ടു് ;

(സി) പൂർണ്ണമായും ഈ പ്രദേശത്തെ താമസക്കാരെ വെള്ളപ്പൊക്ക ത്തിൻറെ കെടുതികളിൽനിന്നും രക്ഷിക്കാൻ പര്യാപ്തമായ രീതിയിൽ ആറിൻറെ ഇരുകരകളിലും കൂവരുകളും കെട്ടാൻ ഗവണ്മെൻറു ആവശ്യമായ നട പടികളും സ്വീകരിക്കുമോ ?

ഉത്തരം.

(എ) അറിവു ലഭിച്ചിട്ടുണ്ടു്.

(ബി) ബണ്ടുകളും പൊട്ടിയ സ്ഥലങ്ങളിൽ മണൽപാക്കുകളും അട്ട ക്കിയും കല്ലുകളും കെട്ടിയും പുതിയതായി ബണ്ടുകളും നിർമ്മിച്ചും ഉടനടി വേണ്ട പരിഹാരങ്ങളും ചെയ്തിട്ടുണ്ടു്.

(സി) ആവശ്യമായ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടു്. കിള്ളി പ്പാലം മുതൽ വലതുവശത്തു് കരിങ്കൽഭിത്തി ഏകദേശം ആറുകാൽ ഏലാ വരെ കെട്ടിയിട്ടുണ്ടു്. ബാക്കി ഭാഗം കെട്ടുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു.

നിത്യോപയോഗസാധനങ്ങളുടെ വില

50. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവും, കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1961 ജനുവരി 1, 1962 ജനുവരി 1, 1963 ജനുവരി 1, 1964 ജനുവരി 1 ഈ തീയതികളിൽ കേരളത്തിലെ നിത്യോപയോഗസാധനങ്ങളുടെ ഓരോന്നി ൻറെയും വില എന്തു് ?

ഉത്തരം

1961, 1962, 1963, 1964 എന്നീ വർഷങ്ങളിൽ ജനുവരി മാസത്തിലെ നിത്യോപയോഗസാധനങ്ങളുടെ ഏറ്റക്കുറച്ചിൽ ഡിസ്ട്രിക്ടിലെ വിലവിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു് ഇതോടൊന്നിച്ചു് മേശപ്പുറത്തു വച്ചിരി ക്കുന്നു. *

പാലം പണി

51. [9] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ അന്തമൺ കരയിനിന്നും നിത്യവും തൊഴിലാളികളും പടിഞ്ഞാറുവശത്തുള്ള തോട്ട കടന്നാണോ ഫാക്ടറികളിലും മറ്റും പോകുന്നതു് ;

(ബി) മഴക്കാലത്തു് ഈ തോടു് കടന്നുപോകുവാൻ നിവൃത്തി യുണ്ടോ ;

* Appendix VII